ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in
ഭരണ ഭാഷ-മാതൃഭാഷ

നം.MWD/367/2026-S തീയതി.03-11-2026

2026-27 സാമ്പത്തികവർഷത്തെ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് അപേക്ഷ ക്ഷണിച്ചു

വിജ്ഞാപനം

2025-26 അദ്ധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.ൽ.സി, പ്ലസ് ടു/വി.എച്ച്.എസ്.ഇ പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടുന്നവർക്കും, ബിരുദ തലത്തിൽ 80 % മാർക്കോ/ബിരുദാനന്തര ബിരുദ തലത്തിൽ 75 % മാർക്കോ നേടുന്ന ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുമുള്ള ***"പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് 2026-27"*** ന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാരും), സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നത്.

2025-26 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.ൽ.സി, പ്ലസ്ടു/വി.എച്ച്.എസ്.ഇ തലങ്ങളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയവർക്ക് 10,000/- (പതിനായിരം രൂപ മാത്രം) രൂപയും, ബിരുദ തലത്തിൽ 80 % മാർക്കോ/ബിരുദാനന്തര ബിരുദ തലത്തിൽ 75% മാർക്കോ നേടുന്ന വിദ്യാർത്ഥികൾക്ക് 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയുമാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.

ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ. വിഭാഗത്തെയും പരിഗണിക്കും. ന്യൂനപക്ഷ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ്. ***അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കിൽ***

സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ***mwdscholarship.kerala.gov.in*** *–എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.*

ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ upload ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും (അസ്സൽരേഖകൾ) നിശ്ചിത തീയതിക്കുള്ളിൽ വിദ്യാർത്ഥി മുൻപ് പഠിച്ചിരുന്ന സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് 0471 2300523, 0471 2300524 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

അപേക്ഷിക്കേണ്ട രീതി:

1. *www.mwdscholarship.kerala.gov.in*–എന്ന വെബ് സൈറ്റിലെ "One-time registration"- ൽ ക്ലിക്ക് ചെയ്യുക
2. വെബ്സൈറ്റിൽ വിദ്യാർത്ഥിയുടെ പേര്, ആധാർ, ഫോൺ നമ്പർ തുടങ്ങിയ പ്രാഥമിക വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്ത ശേഷം ലോഗിൻ ചെയ്യുക.
3. വിദ്യാർത്ഥിയുടെ വ്യക്തി വിവരങ്ങൾ, ബാങ്ക് അക്കൗണ്ട്, സ്ഥാപനത്തിന്റെ വിവരങ്ങൾ എന്നിവ നൽകി പ്രൊഫൈൽ പൂർത്തിയാക്കുക. ശേഷം 'Add Qualification' മുഖേന മുൻകാല വിദ്യാഭ്യാസ യോഗ്യതകൾ ചേർക്കുക.
4. 'Apply For Scholarship' എന്നതിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് തിരഞ്ഞെടുക്കുക.
5. Photo, Signature, SSLC certificate, Income certificate, Bank passbook എന്നിവ അപ്ലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
6. അപേക്ഷ സമർപ്പിച്ചതിനു ശേഷം 'Submitted Applications' **select** ചെയ്ത് അപേക്ഷയുടെ തൽസ്ഥിതി പരിശോധിക്കാവുന്നതാണ്.

അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷയുടെ രജിസ്ട്രേഷൻ പ്രിന്റൌട്ട്.
2. എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി, പ്ലസ്ടു/വി.എച്ച്.എസ്.ഇ, ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്.
   (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).
4. ആധാർ കാർഡിന്റെ പകർപ്പ്.
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.

6. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
7. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസിൽ നിന്ന്)
8. റേഷൻ കാർഡിന്റെ പകർപ്പ്

സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം (Verification).
2. സൂക്ഷ്മ പരിശോധന (Verification) പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ മുഖേന അംഗീകരിച്ചിരിക്കണം(Approval).
3. എല്ലാ രേഖകളുടെയും (അസ്സൽ) ആധികാരികത സ്ഥാപനമേധാവി ഉറപ്പുവരുത്തണം.
4. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റിജക്ട് ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.
5. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം **സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം.**
6. വെരിഫിക്കേഷനും അപ്രൂവലും ചെയ്ത അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതും, ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

അവസാന തീയതി

1. **വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി - 30.11.2026**
2. **രജിസ്ട്രേഷൻ പ്രിന്റൌട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി - 02.12.2026**
3. **സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നല്കേണ്ട അവസാന തീയതി - 05.12.2026**

വിശ്വസ്തതയോടെ

Digitally signed by
DEVIDAS N
Date: 03-11-2026
17:08:56

DEVIDAS N IAS
ഡയറക്ടർ